*വികാരിയിൽ നിന്ന്*





ദൈവനാമം മഹത്വപ്പെടട്ടെ

യേശു ക്രിസ്തു തിബര്യസ് കടൽത്തീരത്ത് നിൽക്കുന്ന മനോഹരമായ ഒരു ചിത്രം യോഹന്നാൻ അപ്പോസ്തലൻ നമുക്ക് നൽകുന്നുണ്ട്. വിളക്കു മരം പോലെ കടലിൽപ്പെട്ടവർക്ക് പ്രകാശം നൽകുക മാത്രമല്ല ഈ അടയാളത്തിന്റെ ധർമ്മം, എത്ര ദൂരം നമ്മൾ കരയിൽനിന്ന് അകന്നു പോയിയെന്നുള്ള സൗമ്യമായ ഓർമ്മപ്പെടുത്തൽ കൂടിയാണത്. വളരെ അർത്ഥവത്തായ ഒരു ഓർമ്മപ്പെടുത്തലാണെന്നു തോന്നുന്നു. ഓരോ ദിവസവും യേശു ക്രിസ്തുവിൽ നിന്ന് നാം എത്ര അകലെയാണെന്നുള്ള ബോധം, നമ്മുടെ ജീവിതത്തെ പുനർവിചിന്തനം ചെയ്യുന്നതിന് തീർച്ചയായും നമ്മെ സഹായിക്കും. നമ്മുടെ വാക്കുകളിൽ, പ്രവർത്തനങ്ങളിൽ നാം എത്രയോ കാതങ്ങൾ ക്രിസ്തുവിൽ നിന്നും അകലെയാണ് . അങ്ങനെ അകന്നു പോയ മനുഷ്യ സമൂഹത്തെ തന്നോട് അടുപ്പിക്കുന്ന വലിയ ശുശ്രുഷയാണ് വിശുദ്ധ കുർബ്ബാന. വിശുദ്ധ കുർബ്ബാനയിലൂടെ കർത്താവിന്റെ സാന്നിധ്യവും സാമിപ്യവുമാണ് നാം അനുഭവിക്കുന്നത്. ക്രിസ്തുവിന്റെ സാന്നിദ്ധ്യമനുഭവിക്കുന്നവർ ലോകത്തിൽ വെളിച്ചങ്ങളാണ് , അടയാളങ്ങളാണ്. ക്രിസ്തുവിന്റെ നിലപാടുകളോടും സമീപനങ്ങളോടും നാം എത്ര മാത്രം നീതി പുലർത്തുന്നു എന്നത് നമ്മുടെ ജീവിതത്തെ തന്നെ വെല്ലുവിളിക്കുന്ന ഒന്നാണെന്നു നിസംശയം പറയാം. മനുഷ്യർ തമ്മിലുള്ള ബന്ധത്തിലും ദൈവത്തോടുള്ള മനുഷ്യ ബന്ധങ്ങളിലും എന്തു കൊണ്ടോ നാം വളരെ അകലെയായിരിക്കുന്നു. സ്നേഹത്തിന്റെ നിട്ടിയകരം നാം അവഗണിക്കാറുണ്ട് . ദൈവമേ അങ്ങയുടെ സ്നേഹത്തിലേക്കും കരുതലിലേക്കും എന്നെ മടക്കി വരുത്തേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം പുതിയ വർഷം ബന്ധങ്ങളിലും നിലപാടുകളിലും യേശുവിന്റെ സാനിദ്ധ്യം ലോകത്തിന് പകർന്ന് നൽകാൻ കഴിഞ്ഞെങ്കിൽ എന്ന് ആശിച്ചു പോകുന്നു.

നമ്മുടെ Harvest Festival ഫെബ്രുവരി 7 -ാം തീയതി സമാപിക്കുകയാണല്ലോ വ്യാരിച്ച ദൈവ കൃപയക്ക് സ്തോത്രം. പറഞ്ഞു തീരാത്ത ദൈവത്തിന്റെ ദാനത്തിന് സ്തോത്രം കരേറ്റാം അതിന് വേണ്ടി പരിശ്രമിച്ചു കൺവീനേഴ്സ് , ഇടവക ചുമതലക്കാർ സഹായ ഹസ്തങ്ങൾ നീട്ടിയ ഇടവക ജനങ്ങൾ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ മാരാമൺ കൺവൻഷൻ ശതോത്തര രജതജൂബിലി ആഘോഷിക്കുകയാണല്ലോ. വചനത്തിന്റെ പ്രഘോഷണം കഴിഞ്ഞ 125 വർഷകങ്ങൾ അനസ്യൂതം മുഴങ്ങി കേൾക്കുന്നതിന് ദൈവം കൃപ ചെയ്തു. സാധു സുന്ദർ സിംഗ്, സ്റ്റാൻലി ജോൺസ് തുടങ്ങിയ എത്രയോ ആളുകളുടെ പദം സ്പർശിച്ച മണൽപ്പുറത്തു ദൈവമേ

വചനത്തിന്റെ കേൾവി രൂപാന്തരത്തിന്റെ അനുഭവത്തിലേക്ക് ഞങ്ങളെ നയിക്കേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. 125-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന മാരാമൺ കൺവൻഷന് വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യാം
ശബ്ബത്ത് സൃഷ്ടിയുടെ പൂർണ്ണതയിലേക്ക് നയിക്കുന്നു എന്നതാണ് ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച്ച നാം സഭയായി ചിന്തിക്കുന്ന വിഷയം. ശബ്ബത്തു മനുഷ്യ നന്മക്കു വേണ്ടിയുള്ള താണെന്ന് യേശു പഠിപ്പിച്ചു. ശബ്ബത്തിനു പുതിയ മൂല്യങ്ങളും അർത്ഥങ്ങളും യേശു നൽകി. നമ്മുടെ ആചാരങ്ങൾ ദൈവനാമ മഹത്വത്തിനും മനുഷ്യ നന്മക്കു വേണ്ടിയുള്ളതായി തീരണം.

ഫെബ്രുവരി 14 -ാം തീയതി വെള്ളിയാഴ്ച്ച വീഴ്ച: സൃഷ്ടിക്കുന്ന ഉദ്ദേശത്തിൽ നിന്നുള്ള വ്യതിചലനം എന്നതാണ് ചിന്താവിഷയം. ദൈവ സ്വരൂപത്തിലും സാദൃശ്യതിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ പാപം നിമിത്തം ദൈവത്തിൽനിന്നു അകന്നു പോയി. അനുസരണക്കേടാണ് ആദ്യ പാപമായി വേദപുസ്തകത്തിൽ കാണുന്നത്. ദൈവമേ നിന്റെ ഹിതത്തിലും ഉദ്ദേശത്തിലും ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ .

ഫെബ്രുവരി 21 -ാം തീയതി വെള്ളിയാഴ്ച "നോമ്പ്" രൂപന്താരത്തിന്റെ സമയം എന്നതാണ് നാം ചിന്തിക്കുന്നത്. ഫെബ്രുവരി 23 -ാം തീയതി ഞായറാഴ്ച മുതൽ വലിയ നോമ്പ് ആരംഭിക്കുന്നു. നോമ്പ് ചില ഇഷ്ടങ്ങളുടെയും ചിന്തകളുടെയും വർജ്ജനമായി കാണണം. നമുക്ക് ഇഷ്ടപ്പെട്ടത് ത്യജിക്കുവാനും ദൈവഹിതാനുസരണം ജീവിക്കുവാനും നോബ് കാലങ്ങൾ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഫെബ്രുവരി 28 -ാം തീയതി വെള്ളിയാഴ്ച "വിശുദ്ധികരിക്കുന്ന ക്രിസ്തു" എന്നതാണ് നാം ചിന്തിക്കുന്നത് ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവിൻ എന്നതാണ് കർത്താവിന്റെ താൽപര്യം കർത്താവ് ആഗ്രഹിക്കുന്ന വിശുദ്ധിയിലേക്ക് വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു .

ബഹുമാനപ്പെട്ട റ്റി.ജെ ജോഷുവ അച്ചനു ലഭിച്ച ഒരു കത്ത് ഒരിക്കൽ അച്ചൻ ഇന്നത്തെ ചിന്താവിഷയത്തിൽ ഉൾപ്പെടുത്തി. ഒരു മാതാവ് അച്ചനു "കടമകൾ" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു കുറിപ്പ് തയാറാക്കണം എന്ന് ആവശ്യപ്പെട്ട് അയച്ച കത്ത് തന്റെ വേർപാടിന്റെ വേദന കടിച്ചിറക്കിയ മാതാവ് കുഞ്ഞുങ്ങളെ വളരെ വേദനയനു ഭവിച്ചു വളർത്തി വലുതാക്കി തന്റെ വാർധക്യ കാലത്ത് മക്കൾ അവരുടെ കടമ നിർവഹിക്കാൻ മറന്ന് പോയി. നിനക്ക് ദീർഘായുസുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗദ്ധത്വത്തോട് കൂടിയ കൽപനയാണന്ന് വേദപുസ്തകം പറയുന്നത്. നമുക്ക് നമ്മുടെ മാതപിതാക്കളോടുമുള്ള കടമകൾ നിർവഹിക്കുവാൻ ദൈവം കൃപ ചെയ്യട്ടെ ഈ കൽപനയിൽ നിന്ന് നാം അകന്നു പോയോ എന്ന് നാമോരോരുത്തരും സ്വയം ചിന്തിക്കണം. ഒരു മടങ്ങി വരവ് നമ്മുടെ ആവശ്യ മെങ്ങിൽ അതിനു തയ്യാറാകണം.